**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 357** **18-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തന ലാഭം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങൾക്ക് പ്രവർത്തന ലാഭം കൈവരിക്കുന്നതിൽ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; കഴിഞ്ഞ കാലത്തെ അപേക്ഷിച്ച് അത് എത്രത്തോളം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളിൽ 2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം കിൻഫ്ര ഉൾപ്പെടെ 26 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്. 2011-16 ൽ 10 സ്ഥാപനങ്ങൾ മാത്രമാണ് പ്രവർത്തനലാഭം കൈവരിച്ചിരുന്നത്. മുൻ കാലത്തെ അപേക്ഷിച്ച് എടുത്ത് പറയത്തക്ക നേട്ടമാണ് നിലവിൽ വിറ്റുവരവിലും പ്രവർത്തനലാഭത്തിലും സ്ഥാപനങ്ങൾ കൈവരിച്ചിട്ടുള്ളത്. |
| (ബി) | കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പൊതുമേഖല സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയതായി 252 പേർക്ക് സ്ഥിര നിയമനങ്ങളും, 1068 പേർക്ക് കരാർ നിയമനങ്ങളും 698 പേർക്ക് ദിവസ വേതാനാടിസ്ഥാനത്തിലും തൊഴിൽ നൽകിയിട്ടുണ്ട്. കൂടാതെ 608 പേർക്ക് താൽകാലികാടിസ്ഥാനത്തിലും തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനോടൊപ്പം 1347 പേർക്ക് അപ്രെന്റിസ് ആയും, 897 പേർക്ക് ട്രെയിനി ആയിട്ടും തൊഴിലവസരം നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി വ്യവസായ മേഖലയിലെ നിലവിലെ മാറ്റങ്ങളെ ഉൾക്കൊണ്ട് കൊണ്ട് ഓരോ |

| | | | |
|---|---|---|---|
| | | | സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്ക്കരണ, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തികൊണ്ട് തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ പദ്ധതികൾ പൂർണതോതിൽ പ്രവർത്തികമാകുന്നതോടു കൂടി നിലവിലുള്ള ജീവനക്കാരുടെ തൊഴിൽ സംരക്ഷിക്കപ്പെടുന്നതോടൊപ്പം പുതിയതായി ഏകദേശം ആറായിരത്തോളം തൊഴിലവസരങ്ങൾ കൂടി സൃഷ്ടിക്കപ്പെടുമെന്നാണ് വിലയിരുത്തുന്നത്. |
| (സി) | പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾക്ക് സ്വയംഭരണം നൽകുന്നതുമായി ബന്ധപ്പെട്ട് പോൾ ആന്റണി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇതുസംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്.<br><br>റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ് |
| (ഡി) | പൊതുമേഖല സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനായി സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിശദമായി വിലയിരുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ നിലവിലെ വ്യവസായ മേഖലയിലെ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് കൂടുതൽ കാര്യക്ഷമത കൈവരിക്കുന്നതിനും സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>ഉൽപ്പാദന വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്ക്കരണ, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി നടത്തിപ്പ് റിപ്പോർട്ടുകൾ തയ്യാറായി വരുന്നു.<br><br>ഇതിലേക്ക് കമ്പനികൾക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിനായി വ്യവസായ പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിൽ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിലേക്കാണ് പ്രസ്തുത വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിരിക്കുന്നത്. |

കമ്പനികളുടെ സമഗ്രമായ പുനഃസംഘടനയ്ക്കും ആധുനിക വത്കരണത്തിനും ഉത്തരവാദിത്വം ഉറപ്പ വരുത്തിക്കൊണ്ട് സ്വയംഭരണം നല്കുന്നതിനുമുള്ള നിർദ്ദേശങ്ങളോടൊപ്പം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി മുൻ ചീഫ് സെക്രട്ടറിയും കെഎസ്.ഐ.ഡി.സി ചെയർമാനുമായ ശ്രീ. പോൾ ആന്റണി. ഐ.എ.എസ്. ചെയർമാനായി ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്ത് വരുന്നുണ്ട്.

സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുന്നുണ്ട്.

വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളും നടപ്പാലാക്കിവരുന്ന പദ്ധതികളുടെ മേൽനോട്ടത്തിനായി ഓൺലൈൻ വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

കമ്പനികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെയും സുതാര്യമാക്കുന്നതിന്റെയും ഭാഗമായി സ്ഥാപനങ്ങളിൽ നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിങ്, ഇ-പ്രൊക്യൂർമെൻറ് മുതലായവ) ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു.

അതാത് മേഖലയിൽ വിദഗ്ദ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനികളുടെ വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരുടെ ഒരു പാനൽ തയ്യാറാക്കി

| | | | |
|---|---|---|---|
| | | | ഇൻഡിപെൻഡന്റ് ഡയറക്ടർ മാരെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻമാർ, മാനേജിങ് ഡയറക്ടർമാർ ഡയറക്ടർ ബോർഡ് അംഗങ്ങൾ, ജീവനക്കാർ എന്നിവർക്ക് ആവശ്യമായ പരിശീലനവും നൽകി വരുന്നുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം, മാനേജിങ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിങ് എന്നീ മേഖലകളിൽ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാന സർക്കാർ സ്വീകരിച്ച് വരുന്ന നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.ൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ-ന്റെ BHEL-EML-ൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ ഏറ്റെടുത്ത് കെൽ-ഇ.എം.എൽ എന്ന പേരിൽ സംസ്ഥാനസർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ